# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.465

## 29-05-2019 ൽ മറുപടിക്ക്

## കിഫ്ബിയുടെ മസാല ബോണ്ട്

| ചോദ്യം<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. എം. വിൻസെന്റ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ ധനസമാഹരണത്തിനായി മസാല ബോണ്ട് ഇറക്കിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ മസാല ബോണ്ടാണ് ഇറക്കിയത്; | കിഫ്ബിയുടെ ധനസമാഹരണത്തിന്റെ ഭാഗമായി മസാല ബോണ്ട് ഇറക്കിയിട്ടുണ്ട്. ഇതുവഴി 2150 കോടി രൂപയാണ് സ്വരൂപിച്ചിരിക്കുന്നത്. |
| (ബി) മസാല ബോണ്ട് ഇറക്കുന്നതിന് ആർ.ബി.ഐ.യുടെയും സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെയും അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അനുമതി ലഭിച്ചത് എന്ന് അറിയിക്കുമോ; | കിഫ്ബിയുടെ മസാല ബോണ്ടുകൾക്ക് റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 01.05.2018 നാണ് ഇത് സംബന്ധിച്ച അനുമതി നൽകിയിരിക്കുന്നത്.ഇന്ത്യക്ക് പുറത്ത് പുറപ്പെടുവിച്ച ബോണ്ടുകൾ ആയതിനാൽ ഇവയ്ക്ക് സെബിയുടെ അംഗീകാരം ആവശ്യമായില്ല. |
| (സി) മസാല ബോണ്ടുകൾ ആദ്യം പബ്ലിക് ഇഷ്യു ആയിട്ടാണോ പ്രൈവറ്റ് ഇഷ്യു ആയിട്ടാണോ പ്ലെയിസ് ചെയ്തത്; | കിഫ്ബിയുടെ മസാല ബോണ്ട് ഒരു പ്രൈവറ്റ് ഇഷ്യൂ അല്ല. ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പബ്ലിക് ഇഷ്യൂ ആയിരുന്നു. |
| (ഡി) എത്ര ശതമാനം പലിശയാണ് മസാല ബോണ്ടിന് നൽകേണ്ടത്; ഏത് കമ്പനിയാണ് പ്രസ്തുത ബോണ്ട് വാങ്ങിയത്; എന്നാണ് വാങ്ങിയത്; അതിന്റെ തുക കിഫ്ബിയുടെ അക്കൗണ്ടിൽ എന്നാണ് ലഭ്യമായത് എന്ന് വ്യക്തമാക്കുമോ ? | 9.723% കൂപ്പൺ റേറ്റിൽ ആണ് കിഫ്ബിയുടെ മസാല ബോണ്ടുകളുടെ വിപണനം നടന്നത്. അസറ്റ് മാനേജർസ്, ഇൻഷുറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിങ് , പ്രൈവറ്റ് വെൽത്ത് മാനേജർസ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. 2019 മെയ് 26 ,27 തീയതികളിൽ ബുക്ക് ഫിൽ ആകുകയും, മെയ് 29 ന ആകെ ലഭിച്ച തുകയായ 2150 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ എത്തുകയുമാണ് ഉണ്ടതായത്. |

സെക്ഷൻ ഓഫീസർ